പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1249

04/02/2019-ൽ മറുപടിയ്ക്ക്

## ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂളുകൾ

| ചോദ്യം<br>**ശ്രീ.പുരുഷൻ കടലുണ്ടി** | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) 2018-19 വർഷത്തെ ബഡ്ജറ്റിൽ ബാലുശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകൾക്കാണ് കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) 2018-19 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് തെരഞ്ഞെടുത്ത താഴെപ്പറയുന്ന സ്കൂളുകൾക്ക് സർക്കാരിൽ നിന്നും നിർമ്മാണ പ്രവർത്തനത്തിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കിഫ്ബി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>മൂന്നുകോടി ധനസഹായത്തിലുൾപ്പെട്ട സ്കൂളുകൾ<br>1. അവിടനല്ലൂർ ജി.എച്ച്.എസ്.എസ്<br>2. ജി.എം.യു.പി.എസ് പൂനൂർ<br>ഒരു കോടിയിൽ ഉൾപ്പെട്ട സ്കൂളുകൾ<br>1. ഗവ.വി.എച്ച്.എസ്.എസ്. ബാലുശ്ശേരി<br>2.ഗവ.എം.യു.പി.എസ്, വേളൂർ<br>3.ഗവ.എച്ച്.എസ്.എസ് കായണ്ണ<br>4. ഗവ.യു.പി.എസ് ഉണ്ണികുളം<br>5.ഗവ.എച്ച്.എസ്.എസ് ശിവപുരം |
| (ബി) 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 3 കോടി രൂപ അനുവദിച്ച സ്കൂളുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുമോ; | ബി) ഉണ്ട്. ഈ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (സി) സർക്കാർ എൽ.പി. സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) 2018-19 വർഷത്തെ ബജറ്റിൽ 500 നും - 1000 നും ഇടയിൽ കുട്ടികളുള്ള സർക്കാർ സ്കൂളുകൾക്കും, 1000 കുട്ടികളിൽ കൂടുതൽ ഉള്ള സർക്കാർ സ്കൂളുകൾക്കും 1 കോടി, 3 കോടി രൂപ വീതം അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. |

Nanditha D

**സെക്ഷൻ ഓഫീസർ**